ഉത്തരം

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

(ഇ) സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 2015 ഡിസംബർ മാസം വരെ ലഭിച്ച ഏകദേശം 20000-ത്തോളം അപേക്ഷകൾ തീർപ്പാക്കി ഡാറ്റാ എൻട്രി നടത്തുന്നതിനായി കുടുംബശ്രീ മിഷന്റെ ഐ.റ്റി. യൂണിറ്റിനെ ഏൽപ്പിച്ചിരിക്കുകയാണ്. ഡാറ്റാ എൻട്രി തീരുന്നമുറയ്ക്ക് പുതിയ അപേക്ഷകർക്ക് ധനസഹായം അർഹതപ്പെട്ട മാസം മുതൽ നൽകുന്നതാണ്. ആയതിനാൽ പുതിയ അപേക്ഷകരുടെ കൃത്യമായ തുക കണ്ടെത്തുവാൻ പ്രയാസമാണ്.

അട്ടപ്പാടിയിലെ കുടുംബശ്രീ കൈപ്പറ്റിയ തുക

344(1723) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി മേഖലകളിലെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ഓരോന്നിലും സാമൂഹ്യ നീതിവകുപ്പിൽ നിന്ന് കുടുംബശ്രീ കൈപ്പറ്റിയ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിലയിരുത്തൽ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ആദിവാസി മേഖലകളിലെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ചുവർഷത്തിൽ ഓരോ വർഷവും വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും കുടുംബശ്രീ കൈപ്പറ്റിയ തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) കഴിഞ്ഞ 5 വർഷങ്ങളിൽ അട്ടപ്പാടിയിലെ ആദിവാസി മേഖലകളിലെ പ്രവർത്തനങ്ങൾക്കായി സാമൂഹ്യനീതി വകുപ്പിൽ നിന്നും കുടുംബശ്രീ തുകയൊന്നും കൈപ്പറ്റിയിട്ടില്ല. അട്ടപ്പാടി കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ സാമൂഹ്യനീതി വകുപ്പിൽ നിന്നും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ തുക നാളിതുവരെ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആദിവാസി മേഖലകളിലെ പ്രവർത്തനങ്ങൾക്കായി (പട്ടിക വർഗ്ഗ സുസ്ഥിരവികസന പരിപാടി) കേരള പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 2011 മുതൽ 2014 വരെയും 2015-16 വർഷക്കാലയളവിൽ എൻ.ആർ.എൽ.എം. പദ്ധതിയുടെ ഭാഗമായും കുടുംബശ്രീക്ക് തുക ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	വകുപ്പ്	പ്രവർത്തനം	തുക
1	പട്ടികവർഗ്ഗ വികസന വകുപ്പ് (2011-12)	പട്ടികവർഗ്ഗ സുസ്ഥിര വികസന പരിപാടി	1,00,00,000
2	പട്ടികവർഗ്ഗ വികസന വകുപ്പ് (2012-13)	പട്ടികവർഗ്ഗ സുസ്ഥിര വികസന പരിപാടി	1,20,00,000
3	പട്ടികവർഗ്ഗ വികസന വകുപ്പ് (2013-14)	പട്ടികവർഗ്ഗ സുസ്ഥിര വികസന പരിപാടി	1,30,16,000
4	പട്ടികവർഗ്ഗ വികസന വകുപ്പ് (2013-14)	പണിയ ശതദിന പരിപാടി & അട്ടപ്പാടി അന്നപ്രദായിനി പദ്ധതി	4,00,00,000
5	2014-15&2015-16	പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ല.	-
6	2015-16	ദേശീയ ഗ്രാമീണ ഉപജീവന മിഷൻ	1,00,00,000

(ഡി) വിലയിരുത്തൽ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

അങ്കണവാടികളുടെ ശോച്യാവസ്ഥ

345(1724) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly